**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സ്ഥലംമാറ്റ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ സ്ഥലം മാറ്റ നടപടികൾ ഓൺലൈനായി നടത്തണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ഉണ്ടായിട്ടുണ്ടോ; പ്രസ്തുത വിധി വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ; | (എ) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ പൊതുമാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 26.08.2020 തീയതിയിലെ സ.ഉ.(സാധാ) നം.2723/2020/റവ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.07.2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിൽ നടപ്പിലാക്കേണ്ടതാണെന്ന് 22.01.2021 തീയതിയിലെ സ.ഉ.(സാധാ) നം.252/21/റവ നം. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. തുടർന്ന് ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് 26.08.2020 തീയതിയിൽ പുറപ്പെടുവിച്ചിരുന്ന ഉത്തരവ്, ലാൻഡ് റവന്യൂ കമ്മീഷണർ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്തുകൊണ്ട് 30.07.2021 തീയതിയിൽ സ.ഉ.(സാധാ) നം.2485/21/റവ നം.ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1258/2021 നമ്പർ കേസിലെ 05.08.2021 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത് താൽക്കാലികമായി തടഞ്ഞിരിക്കുന്നതിനാൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ വകുപ്പിൽ നിലവിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രമുഖ സർവീസ് സംഘടനയുടെ സമ്മർദത്തിന് വഴങ്ങി ഓൺലൈൻ സ്ഥലംമാറ്റം അട്ടിമറിച്ചതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ? | (ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല സ്റ്റേ ഉത്തരവ് ഉള്ളത് കൊണ്ടാണ് വകുപ്പിൽ ഓൺലൈൻ സ്ഥലം മാറ്റം നടത്തുവാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ